# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ്കേരളലിമിറ്റഡ്

രജിഓഫീസ് - കോട്ടയം - 686 004

PCK/SAL/F-400/5417 16/03/2020

## കശുവണ്ടി വില്പന ദർഘാസ്/ലേല വ്യവസ്ഥകൾ

പ്ലാന്റേഷൻ കോർപ്പറേഷൻ വക കാസർഗോഡ് എസ്റ്റേറ്റിൽ 2020 സീസണിൽ സംഭരിച്ചുവച്ചിരിക്കുന്ന ഉദ്ദേശം 36 മെ.ടൺ കശുവണ്ടി (അളവിൽ ഏറ്റക്കുറച്ചിൽ വരാവുന്നതാണ്) വിൽപന നടത്തുന്നതിലേക്കായി താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മത്സരാധിഷ്ഠിത ഇ-ദർഘാസുകൾ https://etenders.kerala.gov.in എന്ന കേരളാ ഇ-പോർട്ടൽ മുഖേന ക്ഷണിച്ചുകൊള്ളുന്നു. ആയതുപ്രകാരം ടി കശുവണ്ടിയുടെ വിലയുടെ വാഗ്ദാനം 21/03/2020 തീയതിയിൽ 5.00 P.M മണി വരെ കരാറുകാർക്ക് ടി ഇ പോർട്ടൽ സൈറ്റിലൂടെ സമർപ്പിക്കാവുന്നതും ടി ടെൻഡറുകൾ 23/03/2020, 10.30 A.M ന് തുറക്കുന്നതുമാണ്. ക്വട്ടേഷനുകൾ മേൽപ്പറഞ്ഞ ഇ-ടെൻഡർ പോർട്ടൽ വഴി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ടെൻഡർ സമർപ്പിക്കുന്നതിനുള്ള നിശ്ചിത സമയം അവസാനിച്ചതിനുശേഷം കരാറുകാർ സമർപ്പിച്ച ഇ-ടെൻഡറുകൾ സാങ്കേതിക സാമ്പത്തിക പരിശോധനയ്ക്കുശേഷം ലഭിച്ച ഉയർന്ന നിരക്ക് അടിസ്ഥാനമാക്കി ടി ഇ പോർട്ടലിലൂടെ തന്നെ ഇ-ലേലത്തിന് വേണ്ടി പ്രസിദ്ധീകരിക്കുന്നതുമാണ്. പ്രസ്തുത ദിവസം ഹർത്താൽ, പൊതു അവധി, മറ്റു ഏതെങ്കിലും കാരണത്താൽ ഇ- ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ നടത്തുന്നതായിരിക്കും. ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ വാഗ്ദാനം ചെയ്യപ്പെടുന്ന തുകകളിൽ ഏറ്റവും കൂടുതലായ തുകയുടെ വാഗ്ദാനം യുക്തമെന്ന് തോന്നുന്നപക്ഷം അംഗീകരിക്കുന്നതിനും അല്ലാത്തപക്ഷം നിരസിക്കുന്നതിനും കോർപ്പറേഷന് പൂർണ അധികാരമുണ്ടായിരിക്കുന്നതാണ്.

### ഇ–ടെൻഡർ കം ഇ—ഓക്ഷന്റെ നിബന്ധനകൾ

1. ഇ-ടെൻഡർ കം ഇ-ഓക്ഷനിൽപങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെൻഡർ/ഇ-ഓക്ഷൻ വ്യവസ്ഥകൾ ടി ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, അതിലെ വ്യവസ്ഥകൾ ടിയാൾ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജിലും ഒപ്പ് രേഖപ്പെടുത്തിയ ടെൻഡർ കണ്ടിഷനും, നിരതദ്രവ്യമായി പ്ലാന്റേഷൻ കോർപ്പറേഷൻ, കോട്ടയത്തിന്റെ പേരിൽ എടുത്തിട്ടുള്ള Rs.10,000/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, ടിയാളുടെ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫീസ്(Rs.105) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ദർഘാസ്/ലേലത്തിൽ ഒരു കിലോഗ്രാം കശുവണ്ടിക്ക് നൽകാവുന്ന (കശുവണ്ടിക്ക് ബാധകമായ നികുതി ഒഴികെയുള്ള) ഏറ്റവും കൂടിയ തുകയാണ് കാണിച്ചിരിക്കേണ്ടത്.

2. ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കരാറുകാർ നിരതദ്രവ്യമായ Rs 10,000(പതിനായിരം രൂപ) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ് എടുത്ത് അവയുടെ വിവരങ്ങൾ ടെൻഡർ വ്യവസ്ഥകളോട് അനുബന്ധിച്ചിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തേണ്ടതും അനന്തരം ടി ടെൻഡർ വ്യവസ്ഥ ഒപ്പിട്ട് ഇ-ടെൻഡർ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ഡിമാൻഡ് ഡ്രാഫ്റ്റ് സംബന്ധിച്ച വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന ടെൻഡർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി കരാറുകാരന്റെ ടെൻഡർ നിരാകരിക്കുന്നതാണ്.

തുടർച്ച ...........2

ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ ടെൻഡർ തുറക്കുന്ന ദിവസം രാവിലെ 10.00 മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസിലോ കരാറുകാരന്റെ ഏറ്റവും അടുത്തുള്ള പി സി കെ ഓഫീസിലോ ലഭിച്ചിരിക്കേണ്ടതാണ്. കൂടാതെ, എസ്റ്റേറ്റിൽ സൂക്ഷിച്ചിട്ടുള്ളതായ കശുവണ്ടി നേരിൽ കണ്ട് ഗുണനിലവാരം ബോധ്യപ്പെട്ടിരിക്കേണ്ടതുമാണ്. പിന്നീട് ഗുണനിലവാരം സംബന്ധമായ പരാതികൾ പരിഗണിക്കുന്നതല്ല.

3. ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ ലഭിച്ച ഏറ്റവും കൂടിയ തുക മാത്രമെ അംഗീകാരത്തിനായി പരിഗണിക്കുകയുള്ളൂ.

4. ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം നൽകുന്നയാൾ മൊത്തം തുകയുടെ മൂന്നിലൊന്ന് ഇ-ടെൻഡർ കം ഇ-ഓക്ഷൻ കഴിഞ്ഞ് തൊട്ടടുത്ത ബാങ്ക് പ്രവർത്തി ദിവസം രാവിലെ പതിനൊന്നുമണിക്കു മുൻപായി എസ്റ്റേറ്റ് ഓഫീസ് അക്കൗണ്ടിൽ അടക്കേണ്ടതാണ്.

5. ഇ-ടെൻഡർ കം ഇ-ഓക്ഷൻ ഉറപ്പിച്ചു കഴിഞ്ഞാൽ ആയതു രേഖാമൂലം ടെണ്ടറുകാരനെ അറിയിക്കുന്നതും അറിയിപ്പ് കിട്ടി 5 ദിവസത്തിനുള്ളിൽ ബാക്കി തുക ബാധകമായ നികുതികൾ ചേർത്ത് എസ്റ്റേറ്റ് ഓഫീസ് അക്കൗണ്ടിൽ അടച്ച് 24 മണിക്കൂറുകൾക്കകം കശുവണ്ടി എസ്റ്റേറ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

6. കരാറുകാരൻ 200/–രൂപ മുദ്രപത്രത്തിൽ ഇതിലേക്കായി ഒരു കരാർ കോർപ്പറേഷനിൽ വെയ്ക്കേണ്ടതും മൊത്തം തുകയുടെ 5% വരുന്ന തുക സെക്യൂരിറ്റി ഡിപ്പോസിറ്റായി കെട്ടിവയ്ക്കേണ്ടതാണ്. ആയതിനു ശേഷമേ കശുവണ്ടി കൊണ്ടുപോകുന്നതിന് അനുവദിക്കുകയുള്ളൂ.

7. കരാറുകാരൻ സ്വന്തം ചിലവിൽ കശുവണ്ടി പായ്ക്ക്ചെയ്യുന്നതിനും, ലോഡ്ചെയ്യുന്നതിനും, ട്രാൻസ്പോർട്ട്ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിലേക്കായി കാലിചാക്കുകൾ കരാറുകാരൻ സ്വന്തം ചെലവിൽ കൊണ്ടുവരേണ്ടതാണ്.

8. കശുവണ്ടിയുടെ തൂക്കം രേഖപ്പെടുത്തിയിട്ടുള്ളത് ഏകദേശമായതിനാൽ സംഭരിച്ച് വെച്ചിട്ടുള്ള കശുവണ്ടി നേരിട്ട് തൂക്കി ബോദ്ധ്യപ്പെട്ട് കരാറുകാരൻ കൊണ്ടുപോകേണ്ടതാണ്.

9. എന്നാൽ, സംഭരിച്ചു വെച്ചിരിക്കുന്ന കശുവണ്ടിയുടെ അളവ് രേഖപ്പെടുത്തിയിട്ടുള്ളതിലും കൂടുതലാണെങ്കിൽ, ടി അളവ് കശുവണ്ടി കരാറുകാരന് കൊടുക്കുന്നതിനും കൊടുക്കാതിരിക്കുന്നതിനുമുള്ള അവകാശം കോർപ്പറേഷനുണ്ടായിരിക്കുന്നതാണ്.

10. എസ്റ്റേറ്റിൽ നിന്നും ഡെലിവറി എടുക്കുന്ന കശുവണ്ടിയുടെ മുഴുവൻ തുകയും ബാധകമായ നികുതികളും അടച്ച് രസീത് വാങ്ങിയതിനു ശേഷമെ കശുവണ്ടി നീക്കം ചെയ്യാൻ പാടുള്ളു.

11. കശുവണ്ടി തൂക്കമെടുക്കുന്നത് എസ്റ്റേറ്റ്മാനേജരുടെ സാന്നിദ്ധ്യത്തിലോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിലോ ആയിരിക്കേണ്ടതും ആയതു അളവു-തൂക്ക ഡിപ്പാർട്ട്മെന്റ് സർട്ടിഫൈ ചെയ്തിട്ടുള്ള പ്ലാറ്റ്ഫോം ബാലൻസിൽ ആയിരിക്കുന്നതുമാണ്. പ്ലാന്റേഷൻ കോർപ്പറേഷന്റെ മുതിർന്ന ഉദ്യോഗസ്ഥർക്ക് ഏതുസമയവും തൂക്കം പരിശോധിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

12. സംഭരിച്ച കശുവണ്ടി തരംതിരിച്ചു വില്പനക്ക് അനുവദിക്കുന്നതല്ല.

13. കശുവണ്ടി നീക്കം ചെയ്യുന്നതിനുള്ള പെർമിറ്റോ, ലൈസൻസോ ആവശ്യമെങ്കിൽ ആയത് കരാറുകാരൻ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.

14. ഗവൺമെന്റ് പ്രഖ്യാപിക്കുന്നതായ കുത്തക സംഭരണം മുതലായ ബാധകമാകാവുന്ന എല്ലാ വില്പ്പനനിയമങ്ങളും ഈ വില്പനക്കും ബാധകമായിരിക്കുന്നതുമാണ്.

15. ഇ-ടെണ്ടർ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനും, ഇ-ടെൻഡർ നടപടിക്രമങ്ങൾക്കിടയിൽ യാതൊരു കാരണവും കാണിക്കാതെ എപ്പോൾ വേണമെങ്കിലും ടി ഇ-ടെൻഡർ മാറ്റിവക്കുന്നതിനും, ഇ-ടെൻഡർ റദ്ദു ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

തുടർച്ച ..........2

ഇതുസംബന്ധമായി മാനേജിംഗ് യറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും അതിനെ ചോദ്യംചെയ്യാൻ പാടില്ലാത്തതുമാണ്.

16. ഇ-ടെണ്ടർ കണ്ടിഷനിലോ ടെണ്ടർ നടത്തുന്നതിലോ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും അതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

17. മുഴുവൻ വിലയും അടച്ചു 24 മണിക്കൂറുകൾക്കകം തന്നെ കശുവണ്ടി നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം കശുവണ്ടി സൂക്ഷിച്ചു വയ്ക്കുന്നതിന് കോർപ്പറേഷന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

18. കരാറുകാരൻ ഇ-ടെണ്ടർ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ഇ-ടെൻഡർ സ്ഥിരീകരണ ഉത്തരവ് കൈപ്പറ്റി സമയ പരിധിക്കുള്ളിൽ കശുവണ്ടി നീക്കം ചെയ്യാതിരിക്കുകയോ ചെയ്താൽ കോർപ്പറേഷനിൽ കരാറുകാരൻ അടച്ചിരിക്കുന്ന ഇ.എം.ഡി. മുതലായതുകകൾ കണ്ടുകെട്ടുന്നതും ഇ-ടെൻഡർ കം ഇ-ഓക്ഷൻ അസ്ഥിരപ്പെടുത്തുന്നതും പുനർ ഇ-ടെൻഡർ കം ഇ-ഓക്ഷൻ നടത്തുന്നതുമായിരിക്കും. ഇ-ടെൻഡർ കം ഇ-ഓക്ഷൻ വഴി ടി കശുവണ്ടി വിൽക്കുമ്പോൾ കോർപ്പറേഷന് ഉണ്ടാകാവുന്ന നഷ്ട ത്തിനും, സകലവിധ ചെലവുകൾക്കും അദ്യ ടെണ്ടറുകാരൻ ഉത്തരവാദിയായിരിക്കുന്നതും ടി തുക ടി യാനിൽ നിന്നും ഈടാക്കി എടുക്കുന്നതിന് കോർപറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്.

19. കോർപ്പറേഷനിൽ കരാറുകാരൻ അടച്ചിട്ടുള്ള നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും കശുവണ്ടി മുഴുവൻ നീക്കം ചെയ്ത് കരാറുകാരൻ എസ്റ്റേറ്റ് മാനേജറിൽ നിന്നും ബാധ്യത രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കി 2 ആഴ്ചക്കകം പലിശരഹിതമായി തിരികെ നൽകുന്നതായിരിക്കും.

20. ഈ വില്പനയെ സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ ഉൽഭവിക്കുകയാണെങ്കിൽ ആയതിന്റെ നിയമ നടപടികൾക്കുള്ള പരിധി കോട്ടയം അധികാരാതിർത്തിയിലുള്ള കോടതികളിൽ ആയിരിക്കും.

21. കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റ്, തൊഴിലാളികൾ മുതലായവരിൽ നിന്നോ കോർപ്പറേഷന് എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ ആയതിന്റെ നഷ്ട പരിഹാരം കോർപ്പറേഷൻ നിശ്ചയിക്കുന്നതും ആയത് കരാറുകാരിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

22. ടി എസ്റ്റേറ്റുകളിലെ മാനേജരുടെയോ, ഉത്തരവാദിത്ത്വപ്പെട്ട മറ്റ് ഉദ്യോഗസ്ഥൻമാരുടെയോ അനുവാദമില്ലാതെ കോർപ്പറേഷന്റെ വസ്തുക്കളിലേക്ക് കരാറുകാരനോ അദ്ദേഹത്തിന്റെ ആൾക്കാരോ പ്രവേശിക്കാൻ പാടില്ലാത്തതാകുന്നു.

**Sd/-**

**ജനറൽമാനേജർ(സി)**

# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ്കേരളലിമിറ്റഡ്

രജിഓഫീസ് - കോട്ടയം - 686 004

## കശുവണ്ടി ഇ-ദർഘാസ്

**ഇ ടെൻഡർ / ഇ ഓക്ഷൻ**
കാസറഗോഡ് എസ്റ്റേറ്റിൽ സൂക്ഷിച്ചിരിക്കുന്ന കശുവണ്ടി

| Sl No. | ESTATE | Quantity | D.D No | D.D Date | D.D Amount |
|---|---|---|---|---|---|
| 1 | Kasaragod | 36 MT | | | |

# സമ്മതപത്രം

**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**

**CIN No: UO1119KL1962SGC001997**

**കോട്ടയം - 686004**

സ്ഥലം:

തീയതി :

**സമ്മതപത്രം**

പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസറഗോഡ് എസ്റ്റേറ്റിൽ സൂക്ഷിച്ചിരിക്കുന്ന 36 മെടി. ടെണ്ണോളം കശുവണ്ടി വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട കരാറിന്റെ ഇ-ദർഘാസ്- ഇ-ലേല വ്യവസ്ഥകൾ ഇന്നേദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

പേര്

തപാൽ മേൽവിലാസം

കര

വില്ലേജ്

താലൂക്ക്

ജില്ല

പിൻകോഡ്

ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)

ലാന്റ് നമ്പർ :

മൊബൈൽ നമ്പർ :

ഒപ്പ്